കേരള കാർഷിക സർവകലാശാല വാർത്തകൾ

(നവംബർ 2 –8, 2018)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651

e-mail: ccmannuthy@kau.in, Phone:0487-2370773)

**No. C3/4/2018 - 46** **Dt. 01.11.2018**

ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ

നെൽകൃഷിയിൽ കണ്ടുവരുന്ന പ്രധാന രോഗങ്ങളായ കുലവാട്ടം, പോളരോഗം, പോള അഴുകൽ, ബാക്ടീരിയൽ ഇലകരിച്ചിൽ എന്നിവയ്ക്കെതിരെ *സ്യൂഡമോണാസ് ഫ്ളൂറസൻസ്* എന്ന ബാക്ടീരിയപ്പൊടി മുൻകരുതലായി ഉപയോഗിക്കാം. ഒരു കിലോഗ്രാം പൊടി 20 കിലോഗ്രാം ഉണങ്ങിയ ചാണകപ്പൊടി അല്ലെങ്കിൽ 20 കിലോഗ്രാം മണലുമായി കൂട്ടിച്ചേർത്ത് മണ്ണിലിട്ടു കൊടുക്കണം. ചെടികളിൽ തളിക്കുന്നതിന് 20 ഗ്രാം പൊടി ഒരു ലിറ്റർ വെള്ളത്തിൽ കലർത്തിയാൽ മതിയാകും. മണ്ണുത്തിയിലെ സെയിൽസ് കൗണ്ടറിലും കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിലും സ്യൂഡമോണാസ് ലഭ്യമാണ്.

നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ കിലോണിസ് കാർഡും തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സി.സി ട്രൈക്കോഗ്രമ്മ കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.

നീർവാർച്ചയും വളക്കൂറുമുള്ള പശിമരാശി മണ്ണാണ് പച്ചക്കറികൃഷിയ്ക്ക് ഉചിതമായിട്ടുള്ളത്. മണൽ മണ്ണാണെങ്കിൽ ജൈവവളം കൂടുതലായി ചേർക്കണം. ഒരു സെന്റിന് 2½ കിലോഗ്രാം കുമ്മായം ചേർക്കേണ്ടതാണ്. വെള്ളവും വെളിച്ചവും കിട്ടുന്ന സ്ഥലമാണ് പച്ചക്കറി കൃഷിയ്ക്ക് അനുയോജ്യം. നമ്മുടെ വീട്ടുവളപ്പിൽ തണലില്ലാത്ത സ്ഥലം ലഭിക്കുക അത്ര എളുപ്പമല്ലാത്തതിനാൽ ഏറ്റവും കൂടുതൽ സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലം പച്ചക്കറി കൃഷിയ്ക്കായി തെരഞ്ഞെടുക്കണം. കിണർ, കുളം എന്നിവയുടെ അടുത്തായി കൃഷി ചെയ്യുന്നത് നനയ്ക്കാനുള്ള സൗകര്യം കൂട്ടും. അലക്കുപൊടികൾ, സോപ്പ് എന്നിവ കലർന്ന വെള്ളം മണ്ണിനും വിളകൾക്കും നന്നല്ല. നല്ല വിളവ് തരുന്ന രോഗപ്രതിരോധശേഷിയുള്ള പച്ചക്കറിയിനങ്ങൾ വേണം നടാനായി തെരഞ്ഞെടുക്കേണ്ടത്. കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുള്ള പച്ചക്കറിയിനങ്ങളുടെ വിത്ത് മണ്ണുത്തിയിലുള്ള സെയിൽസ് കൗണ്ടറിൽ വില്പനയ്ക്കുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0487-2370540 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

പച്ചക്കറി വിളകൾക്ക് കഴിവതും ജൈവകീടനാശിനികൾ ഉപയോഗിക്കുന്നതാണ് നല്ലത്. മണ്ണെണ്ണ കുഴമ്പ്, വേപ്പെണ്ണ - സോപ്പ് മിശ്രിതം, വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതം തുടങ്ങിയവ പച്ചക്കറി വിളകളിലെ മിക്ക കീടങ്ങളേയും പ്രതിരോധിക്കുവാൻ കെല്പുള്ള പരിസ്ഥിതി സൗഹൃദ കീടനാശിനികളാണ്. ബിവേറിയ, വെർട്ടിസീലിയം പോലുള്ള സൂക്ഷ്മാണുക്കളടങ്ങിയ ജൈവകീടനാശിനികൾ 20 ഗ്രാം അല്ലെങ്കിൽ 5 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുന്നതും കീടങ്ങളെ നിയന്ത്രിക്കാൻ സഹായകമാണ്. കീടാക്രമണം അധികമാണെങ്കിൽ പച്ചയും നീലയും ലേബലുള്ള രാസകീടനാശിനികൾ മാത്രം തളിക്കാം. പച്ചക്കറി വിളകൾക്ക് രാസകീടനാശിനികൾ തളിക്കുമ്പോൾ അതിന്റെ ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേ

ണ്ടതുണ്ട്. പച്ചക്കറികളിൽ കീടനാശിനികളുടെ അംശം കുറയ്ക്കുവാനുള്ള മാർഗ്ഗം മരുന്നടിക്കും വിളവെടുപ്പിനും ഇടയ്ക്കുള്ള സുരക്ഷിത കാലാവധി കൃത്യമായി പാലിക്കുക എന്നതാണ്. വിളയും കീടനാശിനിയിനവും അനുസരിച്ച് ഈ കാലാവധി വ്യത്യാസപ്പെടും. വെണ്ട, വഴുതന എന്നീ വിളകളിൽ നീല ലേബലുള്ള കീടനാശിനികൾ തളിച്ചാൽ 5-7 ദിവസമെങ്കിലും കഴിഞ്ഞേ വിളവെടുക്കാവൂ. അതേ സമയം പാവലിന് ഇത് 11 ദിവസമെങ്കിലും കഴിയണം.

ശീതകാല പച്ചക്കറികളായ കാബേജും, കോളിഫ്ളവറും നടാൻ പറ്റിയ സമയമാണിപ്പോൾ. നവംബർ മുതൽ ഫെബ്രുവരി വരെയുള്ള സമയമാണ് കൃഷിക്ക് ഏറ്റവും അനുയോജ്യം. കൃഷിക്ക് നല്ല സൂര്യപ്രകാശവും നീർവാർച്ചയുമുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കണം. ഒരടി വീതിയും (30 സെന്റീമീറ്റർ) താഴ്ച്ചയുമുള്ള ചാലുകൾ രണ്ടടി (60 സെന്റീമീറ്റർ) അകലത്തിൽ എടുക്കുക. ഒരു സെന്റിന് 100 കിലോ എന്ന തോതിൽ ജൈവവളവും 2½ കിലോഗ്രാം കുമ്മായവും ചേർക്കണം. ചാലുകൾ മുക്കാൽ ഭാഗത്തോളം മൂടുക. തയ്യാറാക്കിയ ചാലുകളിൽ ഒന്നരയടി (45 സെന്റീമീറ്റർ) അകലത്തിൽ തൈകൾ നടണം. തൈകൾ ചെറുതായിരിക്കുമ്പോൾ ആവശ്യമായ തണലും മറ്റു പരിരക്ഷണ മുറകളും ഉറപ്പാക്കേണ്ടതാണ്.

വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ക്വിനാൽഫോസ് 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

ജാതിയിലെ ഇല കൊഴിച്ചിൽ നിയന്ത്രിക്കുന്നതിനായി 2 ഗ്രാം കൊസൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. കൂടാതെ ഒരു വലിയ മരത്തിന് 20 ഗ്രാം ബോറാക്സ് എന്ന തോതിൽ ജാതിയുടെ ചുവട്ടിൽ ഇട്ടു കൊടുക്കുക.

<u>അറിയിപ്പ്</u>

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കാർഷിക സർവ്വകലാശാലയുടെ ത്രൈമാസികയായ കല്പധേനുവിന്റെ സെപ്റ്റംബർ ലക്കവും വില്പനയ്ക്കുണ്ട്. ഈ മാസികയുടെ വരിക്കാർ ആവാൻ താൽപര്യമുള്ളവർ 9447789728 / 9605612478 എന്നീ നമ്പറുകളിൽ ബന്ധപ്പെടേതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ വിവിധതരം പച്ചക്കറി വിത്തുകളും, ഫലസസ്യങ്ങളുടെ നടീൽ വസ്തുക്കളും വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. മലേഷ്യൻ റംബൂട്ടാൻ, സപ്പോട്ട, ചെറുനാരകം, വടുകപുളി, ചൈനീസ് ഓറഞ്ച് തൈകളും ഗീതിക എന്ന വള്ളിപ്പയറിന്റെ വിത്തുകളും സിന്ദൂരം, ഗംലെസ്, മുട്ടൻ വരിക്ക എന്നീ പ്ലാവിനങ്ങളുടെ തൈകളും ലഭ്യമാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 9605183618, 9446072407.

ഒപ്പ്/-
പ്രൊഫസർ & ഹെഡ്
കമ്മ്യൂണിക്കേഷൻ സെന്റർ